# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1569. 03.10.2011-ൽ മറുപടിക്ക്

### ആദിവാസി സ്ത്രീകളോടുള്ള പോലീസ് നടപടിക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ.കെ. അജിത്: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ആദിവാസി സ്ത്രീകൾ പരമ്പരാഗതമായി അരയിൽ കെട്ടുന്ന കച്ച എവിടെയെങ്കിലും വച്ച് പോലീസ് അഴിച്ച് മാറ്റിച്ചിട്ടുണ്ടോ; അതെവിടെ വച്ചാണെന്ന് വ്യക്തമാക്കുമോ; | (എ) 16.09.2011-ലെ മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ സന്ദർശന വേളയിൽ കല്പ്പറ്റ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ വച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ വേദിയിലേക്ക് പോയ ആദിവാസി സ്ത്രീകളിൽ 3 പേർ മേൽ വസ്ത്രത്തിനു പുറമേ കറുത്ത തുണി അരയിൽ കച്ചയായി ധരിച്ചത് കാണപ്പെട്ടു. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് അവഹേളിക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് സുരക്ഷാപരമായ കാരണങ്ങളാൽ കറുത്ത തുണി തൽക്കാലത്തേക്ക് ഒഴിവാക്കുവാൻ തൽസമയം ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസുകാർ അഭ്യർത്ഥിച്ചതിൻ പ്രകാരം ആദിവാസി സ്ത്രീകൾ സ്വമേധയാ പ്രസ്തുത കറുത്ത തുണി ഒഴിവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ബി) പണിയ സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ ഉറുമാൽ പോലീസ് അഴിച്ച് മാറ്റിയതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഒരു പരാതി മനുഷ്യാവകാശ കമ്മീഷന് 24.09.2011-ന് ലഭിച്ചിട്ടുള്ളതായും കമ്മീഷൻ അതിൻമേൽ അന്വേഷണം ആരംഭിച്ചിട്ടുള്ളതായും അറിവായിട്ടുണ്ട്.

(സി) പോലീസിൻെറ ആദിവാസികളോടുള്ള ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി) ആദിവാസികളോട് അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാരിനുള്ളത്.

സെക്ഷൻ ഓഫീസർ